# പെരിയാർ

ഇന്ത്യയിലെ ഏറ്റവും മികച്ച സംരക്ഷിത വന്യജീവി സങ്കേതമായ പെരിയാർ വന്യജീവി സങ്കേതത്തിന്റെ ചരിത്രം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിർമ്മാണത്തോടുകൂടി ആരംഭിക്കുന്നു. 1899-ൽ പെരിയാർ ലേക് റിസർവ്വ് എന്ന പേരിലും തുടർന്ന് 1934-ൽ നെല്ലിക്കാംപ്പെട്ടി ഗെയിം സാങ്ചറി എന്ന പേരിലും ഇത് അറിയപ്പെട്ടു. 1950-ൽ കേരളത്തിലെ ആദ്യത്തെ വന്യജീവി സങ്കേതമായി പെരിയാർ എന്ന പേരിൽ നിലവിൽ വന്നു. കടുവാസംരക്ഷണ പദ്ധതിയായ പ്രോജക്ട് ടൈഗറിൽ ഉൾപ്പെടുത്തി 1978-ൽ ഈ പ്രദേശത്തെ രാജ്യത്തെ പത്താമത്തെ കടുവാസങ്കേതമായി പ്രഖ്യാപിച്ചു. 925 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള കേരളത്തിലെ ഏറ്റവും വലിയ ഈ വന്യജീവി സങ്കേതം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ തുടങ്ങി പത്തനംത്തിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഉൾപ്പെട്ട പമ്പാവാലി വരെ നീണ്ടുകിടക്കുന്നു. വിനോദസഞ്ചാരികളുടെ പ്രിയങ്കരമായ തേക്കടിയാണ് പെരിയാറിന്റെ പ്രവേശന കവാടം. നിത്യഹരിത വനങ്ങൾ, അർദ്ധനിത്യഹരിത വനങ്ങൾ, ചോലകൾ, ഇലപൊഴിയും കാടുകൾ, പുൽമേടുകൾ എന്നിവ ഇവിടെ കാണപ്പെടുന്നു. ജന്തുസമ്പത്തിന്റെ കലവറയായ ഈ സങ്കേതത്തിൽ ആന, കടുവ, കരടി, മ്ലാവ്, കാട്ടുപോത്ത്, കുരങ്ങുകൾ തുടങ്ങിയ വന്യമൃഗങ്ങളും മലമുഴക്കി വേഴാമ്പൽ ഉൾപ്പെടെ വിവിധയിനം പക്ഷികളെയും, സഞ്ചാരികൾക്ക് കാണാൻ സാധിക്കും. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളായ ശബരിമല ക്ഷേത്രം, മംഗളാദേവി ക്ഷേത്രം എന്നിവ സ്ഥിതിചെയ്യുന്നത് ഈ കടുവാസങ്കേതത്തിനുള്ളിലാണ്. തേക്കടി വന്യജീവി സങ്കേതം എന്ന പേരിലും ഇവിടം അറിയപ്പെടുന്നു. ഈ വന്യജിവി സങ്കേതത്തിന്റെ പ്രവേശന കവാടമായ തേക്കടിയിലേയ്ക്ക് കൊച്ചിയിൽ നിന്ന് 190 കി.മീറ്ററും കോട്ടയത്തു നിന്ന് 115 കി. മീറ്ററും ദൂരമുണ്ട്. സംസ്ഥാന വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ മൂന്ന് ഹോട്ടലുകൾ തേക്കടിയിൽ ഉണ്ട്. കൂടാതെ കാട്ടിനുള്ളിലെ ഫോറസ്റ്റ് റസ്റ്റ് ഹൗസുകളിലും താമസ സൗകര്യം ഉണ്ട്. ആന സവാരി, കുതിര സവാരി, ട്രക്കിംങ് എന്നിവയും സഞ്ചാരികൾക്ക് ലഭ്യമാണ്. പെരിയാർ ടൈഗർ റിസർവ്വ് ഫീൽഡ് ഡയറക്ടറുടെ ഭരണനിയന്ത്രണത്തിലാണ് ഈ സങ്കേതം.





| | | |
|---|---|---|
| വിസ്തീർണ്ണം | - | 925 ച.കി.മീറ്റർ |
| വർഷപാതം | - | 2500 മി.മീറ്റർ |
| ഊഷ്മാവ് | - | $15^0$ - $31^0$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 100 - 2010 മീറ്റർ |
| സന്ദർശനകാലം | - | പ്രത്യേകമായ ഒരു സീസൺ ഇല്ല. |

ഇവിടെ മന്നാൻ, പളിയർ, ഊരാളി, മലമ്പണ്ടാരം, മലയരയൻ, ഉള്ളാടർ തുടങ്ങിയ ആദിവാസി വിഭാഗങ്ങളുണ്ട്. വിപുലമായ ഇക്കോടൂറിസം സൗകര്യങ്ങൾ ലഭ്യമാണ്.

*കൂടുതൽ വിവരങ്ങൾക്ക്*


ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്)

പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടി പി.ഒ. ഇടുക്കി.

ഫോൺ; 04869 - 222027 മൊബൈൽ: 9447979091.

ഇൻഫർമേഷൻ സെന്റർ

തേക്കടി റെയ്ഞ്ചാഫീസ്, അമ്പാടി ജംഗ്ഷൻ,

തേക്കടി പി.ഒ. ഇടുക്കി. ഫോൺ: 04869-224571





